പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1607 | 22.03.2013 ൽ മറുപടിയ്ക്ക് |
|---|---|
| അംഗൻവാടി കെട്ടിടനിർമ്മാണം | |
| ചോദ്യം | ഉത്തരം |
| ശ്രീ. ബി. സത്യൻ | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും<br>വകുപ്പു മന്ത്രി) |
| (എ) ഐ.സി.ബി.എസ് സ്റ്റേറ്റ് പ്ലാൻ ഫണ്ട് 2012-13 പ്രകാരം എസ്.സി/എസ്.ടി മേഖലകളിൽ അംഗൻവാടി കെട്ടിടനിർമ്മാണത്തിന് പദ്ധതിയുണ്ടോ; എങ്കിൽ ഇതു പ്രകാരം എത്ര അംഗൻവാടികളാണ് നിർമ്മിക്കുന്നത്; വ്യക്തമാക്കാമോ;<br>(ബി) ഇത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;<br>(സി) ഇതു പ്രകാരം അംഗൻവാടികൾ നിർമ്മിക്കുന്ന സ്ഥലങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) (ബി) & (സി) ഐ.സി.ഡി.എസ് സ്റ്റേറ്റ് പ്ലാൻ ഫണ്ടിൻ കീഴിൽ ഇപ്രകാരം പദ്ധതിയുണ്ട്. ഇതനുസരിച്ച്, പ്ലാൻ ഫണ്ടിൽ നിന്നും സംസ്ഥാനത്ത് വിവിധ ഐ.സി.ഡി.എസ് പരിധിയിൽ വരുന്ന പട്ടികജാതി/പട്ടികവർഗ്ഗ മേഖലകൾക്ക് മുൻഗണന നൽകിക്കൊണ്ട് 35 അംഗൻവാടികൾക്ക് കെട്ടിട നിർമ്മാണത്തിന് ഫണ്ട് അനുവദിച്ച് അനുമതി നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച ഉത്തരവിന്റെയും അംഗൻവാടികൾ നിർമ്മിക്കുന്ന സ്ഥലങ്ങളുടെയും ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. |
| (ഡി) എസ്.സി/എസ്.ടി വിഭാഗത്തിലുള്ളവർ കൂടുതലായി അധിവസിക്കുന്ന ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്ഥലങ്ങളിലാണ് ഇത് പ്രകാരം അംഗൻവാടികൾ നിർമ്മിക്കുന്നത്; വ്യക്തമാക്കാമോ? | (ഡി) ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ അംഗൻവാടികൾ സ്റ്റേറ്റ് പ്ലാൻ ഫണ്ട് 2012-13 പ്രകാരമുള്ള കെട്ടിടനിർമ്മാണത്തിൽ ഉൾപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - ഐ.സി.ഡി.എസ്- സ്റ്റേറ്റ് പ്ലാൻ ഫണ്ട് 2012-13- അംഗൻവാടി കെട്ടിട നിർമ്മാണം- തുക ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാമൂഹ്യനീതി (ബി) വകുപ്പ്

സ.ഉ(സാധാ) നം. 66/2013/സാനീവ തീയതി, തിരുവനന്തപുരം 22.02.2013.

പരാമർശം : (1) 12.9.2012 ലെയും 9.1.2013 ലെയും സാമൂഹ്യനീതി ഡയറക്ടറുടെ ഐസിഡിഎസ്/എ2-14126/12 നമ്പർ കത്തുകൾ.
(2) 30.11.2012 ലെ സ.ഉ(സാധാ) നം. 519/12/സാനീവ.

003193

**ഉത്തരവ്**

സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിച്ചു നൽകുന്നതിനായി പട്ടികജാതി പട്ടികവർഗ്ഗ മേഖലകൾക്ക് മുൻഗണന നൽകിക്കൊണ്ട് തെരഞ്ഞെടുത്ത 35 അംഗൻവാടികളിൽ ഒരു അംഗൻവാടിയ്ക്ക് 3,50,000/-രൂപ നിരക്കിൽ 1,22,50,000/- രൂപ നടപ്പു സാമ്പത്തിക വർഷത്തെ 2235-02-102-56 പ്ലാൻ ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് ഭരണാനുമതി പരാമർശം (1) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ ആവശ്യപ്പെടുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്ന ലിസ്റ്റിൽ പരാമർശിച്ചിരിക്കുന്ന 35 അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിച്ചു നൽകുന്നതിനായി ഒരു അംഗൻവാടിക്ക് 3,50,000/- രൂപ നിരക്കിൽ 1,22,50,000/- രൂപ (ഒരു കോടി ഇരുപത്തിരണ്ട് ലക്ഷത്തി അൻപതിനായിരം രൂപ) നടപ്പു സാമ്പത്തികവർഷത്തെ 2235-02-102-56(പി) ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നു. ടി അംഗൻവാടികൾ എസ്.സി/എസ്.ടി മേഖലകളിൽ തന്നെ നിർമ്മിക്കണമെന്ന് സാമൂഹ്യനീതി ഡയറക്ടർ ഉറപ്പുവരുത്തേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ഗോവിന്ദൻ നമ്പൂതിരി.വി.എസ്
അഡീഷണൽ സെക്രട്ടറി,

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (2.2.2013ലെ 5556/WW3/13/Fin നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം)
വിവര പൊതുജനസമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ., ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ

# സ്റ്റേറ്റ് പ്ലാൻ ഫണ്ട് അംഗൻവാടി കെട്ടിട നിർമ്മാണം2012-13

| ക്രമ നം | ജില്ല | പ്രോജക്ടിന്റെ പേര് | തദ്ദേശ സ്വയംഭരണ സ്ഥാപനം | അംഗൻവാടി സെന്റർ നം. | ഭൂവിസ്തൃതി | സർവ്വെ നം. | തുക |
|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| 1 | തിരുവനന്തപുരം | വാമനപുരം | പുല്ലമ്പാറ | 56 | 4 സെന്റ് | Block No. 23 142/1 | 3,50,000/- |
| 2 | | വെള്ളനാട് | ഉഴമലയ്ക്കൽ | 43 | 3 സെന്റ് | 3270/1/1-22 | 3,50,000/- |
| 3 | | തിരുവനന്തപുരം (അർബൻ-1) | തിരുവല്ലം | 113 | 4 സെന്റ് | 176/7 | 3,50,000/- |
| 4 | | കിളിമാനൂർ | പുളിമാത്ത് | 30 | 3സെന്റ് | 289 | 3,50,000/- |
| 5 | | കിളിമാനൂർ | പുളിമാത്ത് | 32 | 7 സെന്റ് | 254/41 | 3,50,000/- |
| 6 | കൊല്ലം | കൊല്ലം(U-2) | കൊല്ലം കോർപ്പറേഷൻ | 174 | 3 സെന്റ് | 48/2 | 3,50,000/- |
| 7 | പത്തനംതിട്ട | കോന്നി (അഡീഷണൽ) | പറക്കുളം | 25 | 01 ആർ 21 ച:മീ | 795/43-3 | 3,50,000/- |
| 8 | | മല്ലപ്പള്ളി | ആനിക്കാട് | 74 | 3 സെന്റ് (പട്ടികജാതി കോളനി) | 30 49/3 | 3,50,000/- |
| 9 | ആലപ്പുഴ | ഭരണിക്കാവ് | ചുനക്കര | 48 | 5 സെന്റ് (SC കോളനി) | Block-7 264/10 | 3,50,000/- |
| 10 | | | താമരക്കുളം | 113 | 10 സെന്റ് | BL-18 515/12 | 3,50,000/- |
| 11 | | അമ്പലപ്പുഴ | അമ്പലപ്പുഴ സൗത്ത് | 116 | 3 സെന്റ് | 182/3 | 3,50,000/- |
| 12 | കോട്ടയം | പാമ്പാടി | പാമ്പാടി | 136 (SCകോളനി നിലവിൽ ഉണ്ട്) | 2 സെന്റ് | 159/2 | 3,50,000/- |